# ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുമായി ഇന്ത്യൻ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി

സെപ്റ്റംബർ 08, 2023

ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുമായി ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉഭയകക്ഷി ചർച്ച നടത്തി. 2023 സെപ്റ്റംബർ 9,10 തിയ്യതികളിൽ നടക്കുന്ന G20 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് പ്രധാനമന്ത്രി ഹസീന ഇന്ത്യ സന്ദർശിച്ചത്.

രാഷ്ട്രീയ-സുരക്ഷാ സഹകരണം, അതിർത്തി ബന്ധങ്ങൾ, വ്യാപാര ബന്ധം, ജലവിഭവങ്ങൾ, വൈദ്യുതോർജം, വികസനം, സാംസ്കാരിക സാമൂഹിക ബന്ധങ്ങൾ തുടങ്ങി ഉഭയകക്ഷി സഹകരണത്തിന്റെ എല്ലാ വശങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു. കൂടാതെ മേഖലയിലെ നിലവിലുള്ള വികസനങ്ങളെ കുറിച്ചും ബഹുമുഖ സഹകരണ പദ്ധതികളെ കുറിച്ചും അവർ ചർച്ച നടത്തി.

ചാറ്റോഗ്രാം, മോംഗ്ല തുറമുഖങ്ങളുടെ ഉപയോഗം സംബന്ധിച്ച കരാർ പ്രാബല്യത്തിൽ വരുത്തിയതും ഇന്ത്യ-ബംഗ്ലാദേശ് സൗഹൃദ ബന്ധം ശക്തിപ്പെടുത്തിയതും ഇരുനേതാക്കളും സ്വാഗതം ചെയ്തു. INR ഉഭയകക്ഷി വ്യാപാര ഉടമ്പടി പ്രവർത്തനക്ഷമമാക്കിയതിനെ അവർ അഭിനന്ദിക്കുകയും ഈ സംവിധാനം പ്രയോജനപ്പെടുത്താൻ ഇരു രാഷ്ട്രങ്ങളിലെയും ബിസിനസ്സ് സമൂഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

നിക്ഷേപങ്ങൾ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും, ചരക്കുകളുടെയും സേവനങ്ങളുടെയും വ്യാപാരം ഉറപ്പു വരുത്തുകയും ചെയ്യുന്ന സമഗ്ര സാമ്പത്തിക പങ്കാളിത്ത ഉടമ്പടി (സിഇപിഎ) സംബന്ധിച്ച ചർച്ചകൾ ആരംഭിക്കാൻ അവർ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.

വികസന സഹകരണ പദ്ധതികളുടെ നടത്തിപ്പിൽ സംതൃപ്തി പ്രകടിപ്പിച്ച അവർ സൗകര്യപ്രദമായ ഒരു തീയതിയിൽ താഴെ പറയുന്ന പദ്ധതികൾ സംയുക്തമായി ഉദ്ഘാടനം ചെയ്യാൻ താൽപര്യം പ്രകടിപ്പിച്ചു.

i. അഗർത്തല-അഖൗറ റെയിൽ ലിങ്ക്
ii. മൈത്രി പവർ പ്ലാന്റിന്റെ യൂണിറ്റ്-II

iii.  ഖുൽന-മോംഗ്ല റെയിൽ ലിങ്ക്

ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിന്  ചുവടെ പറയുന്ന ധാരണാപത്രങ്ങൾ കൈമാറാൻ അവർ താൽപര്യം പ്രകടിപ്പിച്ചു.

i. നാഷണൽ പേയ്‌മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും (എൻപിസിഐ) ബംഗ്ലാദേശ് ബാങ്കും തമ്മിലുള്ള ഡിജിറ്റൽ പേയ്‌മെന്റ് സംവിധാനങ്ങളിലെ സഹകരണം സംബന്ധിച്ച ധാരണാപത്രം.

ii.  2023-2025 ലേക്കുള്ള ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം / സാംസ്കാരിക വിനിമയ പദ്ധതി (സിഇപി) പുതുക്കുന്നതിനുള്ള ധാരണാപത്രം.

iii.  ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചും (ICAR) ബംഗ്ലാദേശ് അഗ്രികൾച്ചറൽ റിസർച്ച് കൗൺസിലും (BARC) തമ്മിലുള്ള ധാരണാപത്രം.

പ്രാദേശിക സ്ഥിതിഗതികളെക്കുറിച്ച് സംസാരിക്കുന്നതിനിടെ മ്യാൻമറിലെ റാഖൈൻ സംസ്ഥാനത്ത് നിന്ന് കുടിയിറക്കപ്പെട്ട പത്ത് ലക്ഷത്തിലധികം പേർക്ക് അഭയം നൽകുന്നതിൽ ബംഗ്ലാദേശ് വഹിച്ച പങ്കിനെ പ്രധാനമന്ത്രി മോദി അഭിനന്ദിക്കുകയും അഭയാർത്ഥികളുടെ സുരക്ഷിതവും സുസ്ഥിരവുമായ പുനരധിവാസ പദ്ധതികളുമായി സഹകരിക്കുന്നതിൽ ഇന്ത്യ ക്രിയാത്മകവും അനുകൂലവുമായ സമീപനം സ്വീകരിക്കുമെന്ന് അറിയിക്കുകയും ചെയ്തു.

ബംഗ്ലാദേശ് അടുത്തിടെ പ്രഖ്യാപിച്ച ഇന്തോ-പസഫിക് വീക്ഷണത്തെ ഇന്ത്യൻ പക്ഷം സ്വാഗതം ചെയ്തു.  തങ്ങളുടെ ബഹുതല സ്പർശിയായ ബന്ധം ഊട്ടിയുറപ്പിക്കാൻ വേണ്ടി തുടർന്നും  ഒരുമിച്ച് പ്രവർത്തിക്കുമെന്ന് നേതാക്കൾ സമ്മതമറിയിച്ചു.

ഇന്ത്യൻ സർക്കാരിന്റെയും ജനങ്ങളുടെയും സ്വീകരണത്തിന് ബംഗ്ലാദേശ് പ്രധാനമന്ത്രി ഹസീന നരേന്ദ്ര മോദിക്ക് നന്ദി പറഞ്ഞു. സർവ്വതലങ്ങളിലുമുള്ള ആശയവിനിമയം തുടരാൻ ഇരു നേതാക്കളും ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.

**ന്യൂഡൽഹി**
**സെപ്റ്റംബർ 08, 2023**